**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4298** **18-07-2022 - ൽ മറുപടിയ്ക്ക്**

**11 കെ. വി. ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യഭൂമിയിൽ കൂടി കടന്നുപോകുന്ന 11 കെ. വി. ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളും വ്യവസ്ഥകളും വിശദമാക്കാമോ; | (എ) | വ്യക്തികളോ സ്ഥാപനങ്ങളോ ഇലക്ട്രിക് പോസ്റ്റ്/ ലൈൻ മാറ്റി സ്ഥാപിക്കുവാൻ അപേക്ഷിച്ചാൽ ടി ലൈൻ / പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന പ്രവൃത്തിയുടെ നിരക്കുകൾ വിവിധ കാര്യങ്ങളെ ആശ്രയിച്ചാണ് നിശ്ചയിക്കുന്നത്. പ്രധാനമായും, ആവശ്യമായി വരുന്ന പോസ്റ്റിന്റെ (PSC/A pole) ഉയരത്തിനനുസരിച്ചും, അധിക സാധന സാമഗ്രികളുടെയും, പ്രവൃത്തികളുടെ പണിക്കൂലിയുടെയും അടിസ്ഥാനത്തിലും ഭൂപ്രദേശത്തിന്റെ സ്വഭാവത്തിനനുസരിച്ചുമാണ് നിരക്കുകൾ നിശ്ചയിക്കുന്നത്.<br><br>പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റിന്റെ നിരക്ക് കൂടാതെ മാറ്റി സ്ഥാപിക്കേണ്ടുന്ന മറ്റു സാധനസാമഗ്രികളുടെ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കും അവയുടെ 16% സെന്റേജ് ചാർജും മാറ്റി സ്ഥാപിക്കുവാൻ അംഗീകരിച്ചിട്ടുള്ള പണി കൂലിയും transportation ചാർജും ആയതിന്റെ 10% മേൽനോട്ടക്കൂലിയും കൂടാതെ സാധന സാമഗ്രികളുടെ വിലയും പണിക്കൂലിയും ചേർന്ന തുകയുടെ 18% GSTയും ഈടാക്കുന്നതാണ്. ഇതു കൂടാതെ നിയമപരമായി മറ്റു അധികാരികൾ (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, BSNL, വാട്ടർ അതോറിറ്റി മുതലായവ) ആവശ്യപ്പെടുന്ന തുകകൾ കൂടി അടയ്ക്കേണ്ടതുമാണ്.ഉപഭോക്താവിന്റെ പ്രിമൈസസിലുള്ള ഇലക്ട്രിക് പോസ്റ്റുകളും ലൈനുകളും മാറ്റി സ്ഥാപിക്കാൻ, കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള സപ്ലൈ കോഡ് 2014 ലെ റെഗുലേഷൻ 94 പ്രകാരം, ആവശ്യമായ തുക കെ.എസ്.ഇ.ബി.എൽ-ൽ ഒടുക്കിയ ദിവസം മുതൽ 30 ദിവസത്തിനുള്ളിൽ എൽ. ടി ലൈനുകളും പോസ്റ്റുകളും 45 |

| | | | |
|---|---|---|---|
| | | | ദിവസത്തിനുള്ളിൽ എച്ച്.ടി ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത ആവശ്യത്തിന് സ്വകാര്യ വസ്തു ഉടമസ്ഥൻ തന്നെ ചെലവ് വഹിക്കണമെന്ന വ്യവസ്ഥയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട് വീട് വയ്ക്കുന്നവർക്ക് അവരുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട വീട് വയ്ക്കുന്നതിനുവേണ്ടി ഒരു വ്യക്തി ഇലക്ട്രിക്ക് പോസ്റ്റ്/ ലൈൻ മാറ്റി സ്ഥാപിക്കുവാൻ അപേക്ഷിക്കുകയാണെങ്കിൽ ലൈൻ / പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന പ്രവൃത്തിയുടെ തുക ചെലവഴിക്കുന്നതിനായി പ്രത്യേകം പദ്ധതികളോ ഫണ്ടോ ഇപ്പോൾ കെ.എസ്.ഇ.ബി.എൽ-ന്റേതായി നിലവിലില്ല. എന്നാൽ ഈ തുക സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ഏതെങ്കിലും വകുപ്പുകളോ സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ അടക്കുവാൻ തയ്യാറായാൽ നിശ്ചയിക്കപ്പെട്ട സമയത്തിനുള്ളിൽ ടി പ്രവൃത്തി പൂർത്തിയാക്കാവുന്നതാണ്. |
| (സി) | കാഞ്ഞിരപ്പള്ളി താലൂക്ക് പരിധിയിൽ പുൽത്തകിടിയേൽ വീട്ടിൽ താമസിക്കുന്ന വികലാംഗനായ ശ്രീ.ജോസ് ജോർജ്ജ് ലൈഫ് പദ്ധതി പ്രകാരം വീട് പണിയുന്നതിന് 11 കെ. വി. ലൈൻ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; എത്രയും വേഗം അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | കാഞ്ഞിരപ്പള്ളി താലൂക്ക് പരിധിയിൽ പുൽത്തകിടിയേൽ വീട്ടിൽ ശ്രീ. ജോസ് ജോർജ്ജിന്റെ അംഗവൈകല്യവും, പരാധീനതകളും മറ്റും കണക്കിലെടുത്ത്, പരാതിക്കാരന്റെ പുരയിടത്തിലൂടെ കടന്നു പോകുന്ന 11 കെ.വി. ലൈൻ പുരയിടത്തിന്റെ അതിർത്തിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള ആവശ്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ